"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- കൊല്ലം തലവൂർ ഡി.വി.എച്ച്.എസ്.എസ്.ലെ പ്രഥമാധ്യാപിക ശ്രീമതി രാജി സി സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2883/2026/GEDN തീയതി,തിരുവനന്തപുരം, 25-04-2026

---

പരാമർശം:-

1. GO(MS)150/88/GEDN, DATED 03.10.1988
2. GO(MS)No.459/98/GEDN DATED 21.11.1998
3. സ.ഉ.(സാധാ) നം-2587/2025/GEDN തിയതി 09/04/2025
4. കൊല്ലം തലവൂർ ഡി.വി.എച്ച്.എസ്.എസ്.ലെ പ്രഥമാധ്യാപിക ശ്രീമതി രാജി സി. സർക്കാരിൽ സമർപ്പിച്ച 25.10.2024 തീയതിയിലെ പുന:പരിശോധന ഹർജി.
5. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 08-01-2025 തീയതിയിലെ DEOKTR/9/2025-B2 നമ്പർ കത്ത്.
6. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 10-01-2025 തീയതിയിലെ ഇ.റ്റി1/26199/2024/ഡി.ജി.ഇ നമ്പർ കത്ത്.
7. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 12-01-2025 തീയതിയിലെ DDEKLM/5016/2024-B4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം തലവൂർ ഡി.വി.എച്ച്.എസ്.എസ്.ലെ പ്രഥമാധ്യാപിക ശ്രീമതി രാജി സി. 25.10.2024 തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം 16.01.2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. ഹർജിക്കാരിയുടെ പ്രഥമാധ്യാപികയായുള്ള നിയമനം 14.06.2023 മുതൽ അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

2.ഹർജിക്കാരിയുടെയും മാനേജരുടെയും പ്രധാന വാദങ്ങൾ താഴെക്കൊടുക്കുന്നു :

(i) ടി സ്കൂളിലെ പ്രഥമാധ്യാപികയായിരുന്ന ശ്രീമതി രമാദേവി 31.05.2023-ൽ വിരമിച്ച ഒഴിവിൽ ഹർജിക്കാരിയെ 14.06.2023 മുതൽ മാനേജർ നിയമിച്ചു.

(ii) ടിയാൾക്ക് ബി.എഡ്. യോഗ്യതയില്ല, കേരള ഹിന്ദി പ്രചാരസഭയുടെ ആചാര്യ കോഴ്സാണ് യോഗ്യതയായിട്ടുള്ളത്, സീനിയോറിറ്റി ലിസ്റ്റ് സമർപ്പിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ ടിയാളുടെ നിയമനം നിരസിക്കപ്പെട്ടു.

(iii) ടിയാൾക്ക് B.A. History (1990, Kerala University), M.A (Hindi) (2000 Kerala University), സാഹിത്യാചാര്യ സർട്ടിഫിക്കറ്റ് (കേരള ഹിന്ദി പ്രചാരസഭ), ആചാര്യ സർട്ടിഫിക്കറ്റ് (കേരള ഹിന്ദി പ്രചാരസഭ), M.A. History (2015, Madurai Kamaraj University), Eligibility Certificate (Acharya Course equivalent to B.Ed.), Account Test Lower, Kerala Education Act & Rules എന്നീ യോഗ്യതകൾ ഉണ്ട്.

(iv) ഹർജിക്കാരിക്ക് ബി.എഡ്. ഇല്ലാത്തതിനാൽ 12 വർഷത്തെ ഗ്രാഡുവേറ്റ് സർവീസ് ഇല്ല എന്നാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തടസ്സവാദം. ടിയാൾ 2000-ൽ എം.എ. ഹിന്ദി പാസായിട്ടുണ്ട്.

(v) KER അധ്യായം XXXI ചട്ടം 2-ന്റെ ഉപചട്ടം (x)-ന്റെ പ്രൊവൈസോയിൽ 22.08.1987-ൽ വരുത്തിയ ഭേദഗതി പ്രകാരം, ഏത് വിഷയത്തിലും ഭാഷയിലും ഉള്ള ബിരുദാനന്തര ബിരുദം എച്ച്.എസ്.ടി. നിയമനത്തിന് അതേ വിഷയത്തിന്റെ ബിരുദത്തിന് തുല്യമായി കണക്കാക്കാം. ഹർജിക്കാരിയുടെ എം.എ. ഹിന്ദി ബിരുദം ബി.എ. ഹിന്ദിക്ക് തുല്യമാണ്.

(vi) കേരള ഹിന്ദി പ്രചാരസഭയുടെ ആചാര്യ സർട്ടിഫിക്കറ്റ് ഹിന്ദി ബി.എഡ്.ന് തുല്യമായി അംഗീകരിച്ചിട്ടുണ്ട് എന്ന് കേരള യൂണിവേഴ്സിറ്റിയുടെ എലിജിബിലിറ്റി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(vii) KER ചട്ടം 44 A-യുടെ അടിയിൽ 07.03.2011-ലെ G.O.(P)No.85/2011/GEDN പ്രകാരം വരുത്തിയ ഭേദഗതിയിൽ, സീനിയർ മോസ്റ്റായ ഭാഷാധ്യാപകർക്ക് ഹെഡ്മാസ്റ്റർ നിയമനത്തിന് 12 വർഷത്തെ ഗ്രാഡ്വേറ്റ് സർവീസ് ആവശ്യമില്ല.

(viii) G.O.(Rt)No.730/2017/GEDN dated 17.03.2017 പ്രകാരം ബി.എഡ്. യോഗ്യതയില്ലാത്ത ശ്രീ.സി.ഡി. ഔസേഫിന് ശിക്ഷാ സ്നാതക് യോഗ്യതയായി കണക്കാക്കി 01.06.2016 മുതൽ ഹെഡ്മാസ്റ്ററായി നിയമനാംഗീകാരം നൽകിയിട്ടുണ്ട്.

(ix) 13.11.2019-ലെ No.Prog 4/4672/2019/SCERT കത്ത് പ്രകാരം, കേരള ഹിന്ദി പ്രചാരസഭ 2015-16 വർഷം വരെ നടത്തിയ ആചാര്യ കോഴ്സുകൾ B.Ed-ന് തുല്യമാണെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(x) കേരള യൂണിവേഴ്സിറ്റിക്ക് നൽകിയ തത്തുല്യ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 06.06.1994 മുതലുള്ള ടിയാളുടെ സർവീസ് ഗ്രാഡ്വേറ്റ് സർവീസ് തന്നെ ആയതിനാൽ കെ.ഇ.ആർ. അധ്യായം XXXI ചട്ടം 2, അധ്യായം XIV A ചട്ടം 44(1) എന്നിവ പ്രകാരം ടിയാളുടെ 14.06.2023 മുതലുള്ള H.M. നിയമനം അംഗീകരിക്കാവുന്നതാണ്.

(xi) ബഹു. സുപ്രീംകോടതി പ്രവീൺകുമാറും കേരള പബ്ലിക് സർവീസ് കമ്മീഷൻ 2021(4) KLT online 1178(SC) കേസിന്റെ വിധിന്യായത്തിൽ equivalence എന്ന വാക്കിന് നൽകിയിട്ടുള്ള റൂളിംഗ്

പ്രകാരം ടിയാൾ ആചാര്യ സർട്ടിഫിക്കറ്റ് നേടിയതിനുശേഷമുള്ള മുഴുവൻ സർവീസും ഗ്രാഡ്വേറ്റ് സർവീസ് തന്നെയാണ്.

4. ഹർജിക്കാരിക്ക് ബി.എഡ്. യോഗ്യതയില്ലെന്നും, ടിയാൾ പാസ്സായിട്ടുള്ള ആചാര്യ കോഴ്സ് പ്രഥമാധ്യാപക തസ്തികയ്ക്കുള്ള യോഗ്യതയായി കണക്കാക്കുവാൻ കഴിയില്ലെന്നും, ഹർജിക്കാരിയെ എച്ച്.എം. ആയി നിയമിച്ചതിനെതിരെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ശ്രീമതി സിന്ധു കെ.നായർ ഫയൽ ചെയ്ത റിട്ട് ഹർജിയിന്മേൽ 18.11.2024 തീയതിയിൽ പുറപ്പെടുവിച്ച G.O.(Rt) No. 8146/2024/GEDN-ൽ ആചാര്യ കോഴ്സ് എച്ച്.എം. പ്രൊമോഷനുള്ള യോഗ്യതയായി അംഗീകരിക്കുന്നുണ്ടോയെന്ന കോടതി നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നു.

5. സർക്കാർ ഈ വിഷയം ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങൾ, സമർപ്പിച്ച രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു.

6. ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ആചാര്യ യോഗ്യതയായി പരിഗണിക്കുന്നതു സംബന്ധിച്ച് 10.07.2023 ൽ എസ്.സി.ഇ.ആർ.ടി. യിൽ വച്ചു നടന്ന ഇക്വലൻസി കമ്മിറ്റി താഴെപ്പറയുന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

"നിലവിൽ ഹിന്ദി ബിരുദവും ബി.എഡ് (ഹിന്ദി)യുമാണ് ഹിന്ദി അധ്യാപകരാവുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത. എന്നാൽ പരാമർശം (2) ലെ സർക്കാർ ഉത്തരവ് അനുസരിച്ച് കേരള ഹിന്ദി പ്രചാരസഭ നടത്തുന്ന "ആചാര്യ" അധ്യാപക പരിശീലന കോഴ്സിന് അപ്പർപ്രൈമറി/ ഹൈസ്കൂൾ തലത്തിൽ ഹിന്ദി അധ്യാപകരാവുന്നതിനുള്ള പകരം പരിശീലന യോഗ്യത (Alternate Training Qualification) ആയി അംഗീകരിച്ചിട്ടുണ്ട്. പരാമർശം (1) ലെ സർക്കാർ ഉത്തരവ് ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത "ആചാര്യ" കോഴ്സിന്റെ അടിസ്ഥാന പ്രവേശന യോഗ്യത ഹയർ സെക്കന്ററിയും സാഹിത്യാചാര്യയുമാണ്. ഇവ യുണിവേഴ്സിറ്റി തലത്തിൽ നടത്തുന്നവയുമല്ല. എന്നാൽ ബി.എഡ് നുള്ള അടിസ്ഥാന പ്രവേശന യോഗ്യത അതതു വിഷയങ്ങളിലെ ബിരുദമാണ്. സാഹിത്യാചാര്യ കഴിഞ്ഞ് നേരിട്ട് ബി.എഡിന് ചേരാനും കഴിയില്ല. അതുകൊണ്ട് തന്നെ സാഹിത്യാചാര്യാ, ആചാര്യ എന്നീ യോഗ്യതകൾ അപ്പർ പ്രൈമറി /ഹൈസ്കൂൾ തലങ്ങളിൽ ഹിന്ദി അധ്യാപക നിയമനത്തിന് മാത്രമുള്ളതാണ്. നിലവിൽ യൂണിവേഴ്സിറ്റി ബിരുദവും ബി.എഡുമുള്ള എല്ലാ വിഷയ അധ്യാപകരുടെയും പൊതു സീനിയോറിറ്റി ലിസ്റ്റിൽ നിന്നാണ് ഹൈസ്കൂൾ പ്രഥമാധ്യാപകരുടെ നിയമനം നടത്തിവരുന്നത്. ആയതിനാൽ ബിരുദവും ബി.എഡും ഉള്ള ഭാഷാധ്യാപകർക്ക് ഇത്തരത്തിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആകുന്നതിന് തടസമില്ല. ആയതിനാൽ നിലവിൽ ആചാര്യ, ശിക്ഷ സ്നാതക്, ഡിപ്ലോമ ഇൻ ലാംഗ്വേജ് എജ്യുക്കേഷൻ തുടങ്ങിയ യോഗ്യതകൾ നേടിയവരെ BEd യോഗ്യത നേടിയവരായി പരിഗണിക്കാൻ കഴിയില്ല. ആയതിനാൽ പ്രഥമാധ്യാപക തസ്തികയ്ക്കുള്ള നിയമനത്തിന് പരിഗണിക്കാൻ കഴിയില്ല. സ.ഉ.(എം.എസ്) നം.130/2016 തീയതി 01/08/2016 ലെ ഉത്തരവ് ഇതിനോട് ചേർത്ത് വായിക്കാവുന്നതാണ്."

സമാന വിഷയം പരിശോധിച്ച സർക്കാർ പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവ് പ്രകാരം ശ്രീമതി.ശ്രീലേഖ - യ്ക്ക് കേരള യൂണിവേഴ്സിറ്റി നൽകിയിരിക്കുന്ന equivalency സർട്ടിഫിക്കറ്റിൽ ആചാര്യ സർട്ടിഫിക്കറ്റിനെ ഒരു ഡിഗ്രിയായി പരിഗണിച്ച് the degree be

recognized as equivalent to the BEd degree in Hindi of this University എന്ന് കാണുന്നു. എന്നാൽ കേരള യൂണിവേഴ്സിറ്റിയിൽ നിന്നു തന്നെ 18/3/2022 - ൽ ശ്രീമതി.അനിലാ സാമുവേലിന് നൽകിയിരിക്കുന്നത് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് മാത്രമാണ്. അതു പ്രകാരം ബി.എഡ് ഡിഗ്രിക്ക് നൽകിയിരിക്കുന്ന തുല്യത ഉന്നതപഠനത്തിനോ ജോലിക്കോ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയായി അംഗീകരിച്ചിട്ടില്ല, മറിച്ച് ആയത് പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകൾ തന്നെയാണ്. കേരള യൂണിവേഴ്സിറ്റിയുടെ ബി.എ ഹിന്ദി കോഴ്സിന് സാഹിത്യാചാര്യ പഠിച്ചവർക്ക് പ്രവേശനം നേടാവുന്നതാണ്. ആയതിനാൽ എസ്.സി.ഇ.ആർ.റ്റി ഡയറക്ടർ അറിയിച്ചിട്ടുള്ള പ്രകാരം സാഹിത്യാചാര്യ കഴിഞ്ഞ് നേടുന്ന ആചാര്യ സർട്ടിഫിക്കറ്റിന് കേരള യൂണിവേഴ്സിറ്റി നൽകിയിരിക്കുന്ന ബി.എഡിനുള്ള തുല്യത ഹെഡ്മാസ്റ്റർ നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള ബി.എഡിന് തുല്യമാണോയെന്നത് വകുപ്പിന് തീരുമാനിക്കാവുന്നതാണ്. കോടതിവിധിയിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതിനാൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അക്കാദമിക അതോറിറ്റിയായ എസ്.സി.ഇ.ആർ.ടി നൽകിയ അഭിപ്രായം കേരള സർവ്വകലാശാലയെ അറിയിച്ചുകൊണ്ട് ജോലിക്കുള്ള എലിജിബിലിറ്റി തീരുമാനിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകൾ തന്നെയല്ലേ എന്നുള്ള കാര്യത്തിൽ വ്യക്തമായ സ്പഷ്ടീകരണം നൽകാൻ രജിസ്ട്രാർക്ക് കത്തു നൽകിയിരുന്നു.

കേരള യൂണിവേഴ്സിറ്റിയുടെ മറുപടി പ്രകാരം കേരള യൂണിവേഴ്സിറ്റി ആക്ട് 1974, അധ്യായം 4, ക്ലോസ് 25(xii) പ്രകാരം കേരള യൂണിവേഴ്സിറ്റിയുടെ അക്കാദമിക് കൗൺസിലിന് മറ്റ് സർവ്വകലാശാലകൾ/സ്ഥാപനങ്ങൾ നടത്തുന്ന പരീക്ഷകൾ അംഗീകരിക്കാനുള്ള അധികാരമുണ്ട്. എന്നിരുന്നാലും, സർവ്വകലാശാല നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകൾ, "ഡിഗ്രി/പരീക്ഷയുടെ അംഗീകാരം ഉപരിപഠനത്തിലേക്കോ ജോലിയിലേക്കോ പ്രവേശനത്തിനുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന യോഗ്യതാ വ്യവസ്ഥകളെ തടയുന്നില്ല" എന്ന വ്യവസ്ഥയ്ക്ക് വിധേയമാണ്. അതിനാൽ, യോഗ്യതാ സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതിനുള്ള തീരുമാനം ബന്ധപ്പെട്ട തൊഴിലുടമയുടേതാണ്. കൂടാതെ പൊതു വിദ്യാഭ്യാസ വകുപ്പും ഇക്കാര്യത്തിൽ തങ്ങളുടേതായ വിവേചനാധികാരം ആവർത്തിച്ച് വ്യക്തമാക്കുന്നുണ്ട്. ഉപസംഹാരമായി, ഒന്നുകിൽ ബിരുദതലത്തിൽ ഹിന്ദി മുഖ്യവിഷയമായോ അല്ലെങ്കിൽ ബിരുദതലത്തിൽ ഹിന്ദി രണ്ടാം ഭാഷയായോ ബിരുദാനന്തര തലത്തിൽ ഹിന്ദി മുഖ്യവിഷയമായോ തിരഞ്ഞെടുത്ത അപേക്ഷകർക്ക് മാത്രമാണ് ആചാര്യ കോഴ്സിനുള്ള യോഗ്യതാ സർട്ടിഫിക്കറ്റ് സർവ്വകലാശാല നൽകി വരുന്നത് എന്നാണ് അറിയിച്ചിരിക്കുന്നത്.

സ.ഉ.(പി) 04/2020/പൊ.വി.വ. തിയ്യതി. 19.02.2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2014-15 വരെയുള്ള ഹിന്ദി പ്രചാരസഭയുടെ ആചാര്യ കോഴ്സ് നിശ്ചിത ട്രെയിനിംഗ് യോഗ്യതയായി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 2020ൽ കൊണ്ടു വന്ന ഭേദഗതി പ്രകാരവും നിശ്ചിത ട്രെയിനിംഗ് യോഗ്യതയായി മാത്രമേ അംഗീകരിച്ചിട്ടുള്ളൂ. 06/04/2022 -ലെ GO(Ms) 184/2022/HEdn പ്രകാരം (LR) കേരള ഹിന്ദി പ്രചാര സഭ നടത്തുന്ന ആചാര്യ കോഴ്സിനെ കേരള സർവ്വകലാശാല നടത്തുന്ന B.Ed നു തുല്യമായി അംഗീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഉത്തരവിലും ഡിഗ്രി/പരീക്ഷയുടെ അംഗീകാരം ഉപരിപഠനത്തിലേക്കോ ജോലിയിലേക്കോ പ്രവേശനത്തിനുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന യോഗ്യതാ വ്യവസ്ഥകളെ തടയുന്നില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമാണ്.

എച്ച്.എസ്.എ (ഹിന്ദി) തസ്തികയിലേക്കുള്ള അക്കാദമിക യോഗ്യതകളിൽ

A degree in Hindi conferred or recognized by the Universities in Kerala or A title of oriental learning in Hindi or Praveen of Dakshina Bharat Hindi Prachar Sabha or Sahithyacharya എന്നും ട്രെയിനിംഗ് യോഗ്യതകളിൽ BEd/B.T/L.T conferred or recognized by the Universities in Kerala or Diploma or LTTC or ........... എന്നും Explanation III ൽ Acharya course upto 2014-15 എന്നുമാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഹൈസ്കൂൾ ഹെഡ്മാസ്റ്ററുടെ യോഗ്യതകൾ ചുവടെ പറയും പ്രകാരമാണ്:

A degree in Arts or Science or its equivalent and B.Ed/B.T/LT or its equivalent conferred or recognized by the Universities in Kerala

അതായത് ഡിഗ്രിയോ ഡിഗ്രിക്ക് തുല്യമായ യോഗ്യതയോ കൂടാതെ B.Ed/B.T/LT യ്ക്ക് തുല്യമായ യോഗ്യതയോ ആവശ്യമാണ്. ഇതിൽ നിന്നും എച്ച്.എസ്.എ (ഹിന്ദി) യ്ക്ക് അക്കാദമിക യോഗ്യതയായി അംഗീകരിച്ചിട്ടുള്ള സാഹിത്യാചാര്യയോ ട്രെയിനിംഗ് യോഗ്യതയായി അംഗീകരിച്ചിട്ടുള്ള ആചാര്യ യോഗ്യതയോ ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് മേല്പറഞ്ഞ യോഗ്യതകൾക്ക് പകരം യോഗ്യതയായി പരിഗണിക്കാനാവില്ലെന്നു സാരം. കേരള യൂണിവേഴ്സിറ്റി തന്നെ അറിയിച്ചിരിക്കുന്നത് ഒന്നുകിൽ ബിരുദതലത്തിൽ ഹിന്ദി മുഖ്യവിഷയമായോ അല്ലെങ്കിൽ ബിരുദതലത്തിൽ ഹിന്ദി രണ്ടാം ഭാഷയായോ ബിരുദാനന്തര തലത്തിൽ ഹിന്ദി മുഖ്യവിഷയമായോ തിരഞ്ഞെടുത്ത അപേക്ഷകർക്ക് മാത്രമാണ് ആചാര്യ കോഴ്സിനുള്ള യോഗ്യതാ സർട്ടിഫിക്കറ്റ് ഈ സർവ്വകലാശാല നൽകി വരുന്നത് എന്നാണ്. മാത്രവുമല്ല സർവ്വകലാശാല നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകൾ, ഡിഗ്രി/ പരീക്ഷയുടെ അംഗീകാരം ഉപരിപഠനത്തിലേക്കോ ജോലിയിലേക്കോ പ്രവേശനത്തിനുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന യോഗ്യതാ വ്യവസ്ഥകളെ തടയുന്നില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായതിനാൽ, യോഗ്യതാ സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതിനുള്ള തീരുമാനം ബന്ധപ്പെട്ട തൊഴിലുടമയുടേതാണ്. മേൽപ്പറഞ്ഞവയിൽ നിന്നും ആചാര്യ കോഴ്സ് പാസ്സായവർക്കും ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി സ്ഥാനക്കയറ്റം നൽകണമെങ്കിൽ ഡിഗ്രിയോ ഡിഗ്രിക്ക് തുല്യമായ യോഗ്യതയോ കൂടാതെ B.Ed/B.T/LT യ്ക്ക് തുല്യമായ യോഗ്യതയോ ആവശ്യമാണ്. അപ്രകാരം ഡിഗ്രിയും B.Ed/B.T/LTയും കഴിഞ്ഞതിനു ശേഷമുള്ള 12 വർഷത്തെ ഗ്രാഡുവേറ്റ് സർവ്വീസും ആവശ്യമാണ്.

ഹൈസ്കൂൾ പ്രഥമാദ്ധ്യാപിക തസ്തികയ്ക്ക് കെ.ഇ.ആർ അദ്ധ്യായം XXXI ചട്ടം 2ൽ A degree in Arts or Science or its equivalent and B. Ed./B.T./L.T. or its equivalent conferred or recognized by the Universities in Kerala എന്ന് യോഗ്യത നിർണ്ണയിച്ചിട്ടുള്ളതിനെ, കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 44A ഉപചട്ടം 1 ലെ ഗ്രാഡ്വേറ്റ് സർവ്വീസ് എന്നതിനു നൽകപ്പെട്ടിട്ടുള്ള Explanation I ലെ "Graduate Service" means all service of a teacher as High School Assistant,..............after acquisition of Collegiate training such as B.T, L.T. Or B.Ed......." എന്ന നിഷ്കർഷയുമായി തട്ടിച്ചുനോക്കി, B.Ed നു തത്തുല്യമായ യോഗ്യതയുണ്ടെങ്കിൽ അതിനെ Collegiate training ആയി കണക്കാക്കാമെന്നും, പ്രസ്തുത തത്തുല്യ യോഗ്യത ആർജ്ജിച്ച ശേഷമുള്ള സേവനത്തെ "Graduate Service" ആയി കണക്കാക്കാമെന്നും വാദമുന്നയിക്കപ്പെട്ടിട്ടുണ്ട്. Explanation I ൽ B.T, L.T. or B.Ed എന്നു മാത്രമല്ലാതെ, B.T, L.T. or B.Ed or its equivalent conferred or recognized by the Universities in Kerala എന്നു നിഷ്കർഷിച്ചിട്ടില്ല. അതുകൊണ്ട് B.Ed നു തത്തുല്യമായ യോഗ്യതയുണ്ടെങ്കിൽ അതിനെ Collegiate training ആയി കണക്കാക്കാമെന്നു വാദിക്കുന്നതും അപ്രകാരം വരുത്തിത്തീർക്കുന്നതും ഒരുപോലെ

ചട്ടവിരുദ്ധമാണ്. Explanation I ൽ കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 44 A ഉപചട്ടം 1 ൽ വിവരിക്കപ്പെട്ടതായ 12 വർഷത്തെ തുടർച്ചയായ ഗ്രാഡ്വേറ്റ് സർവ്വീസ് എന്നതായ സർവ്വീസ് യോഗ്യത (service qualification) എങ്ങനെ കണക്കാക്കണമെന്നതിനുള്ള വിശദീകരണമാണു നൽകിയിരിക്കുന്നത്. തന്മൂലം, Explanation I ഉപചട്ടം 1-മായി അംഗാംഗീഭാവത്തിൽ വർത്തിക്കുന്നു. അതായത്, ഉപചട്ടം 1 പാലിക്കണമെങ്കിൽ Explanation I ലെ നിർദ്ദേശം അനുസരിച്ചു മാത്രമേ ആകാൻ കഴിയൂ.ഹെഡ്മാസ്റ്റർ തസ്തികക്കു വേണ്ട അടിസ്ഥാന അക്കാദമിക യോഗ്യതയായ ബിരുദം നേടിയതിനു ശേഷം നേടുന്ന ബി.എഡിനു തുല്യമായ ട്രെയിനിംഗ് യോഗ്യത നേടിയതിനു ശേഷമുള്ള സർവ്വീസ് തന്നെയാണ് ഗ്രാഡ്വേറ്റ് സർവ്വീസ് എന്നതു കൊണ്ട് ചട്ടം നിർമ്മിച്ചപ്പോൾ ഉദ്ദേശിച്ചതെന്ന് വ്യക്തമാണ്.

കൂടാതെ, 2001ൽ കെ.ഇ.ആർ അദ്ധ്യായം XXXI ചട്ടം 2-ൽ B.T, L.T. or B.Ed or its equivalent conferred or recognised by the Universities in Kerala എന്നു ഭേദഗതി വരുത്തുന്ന അവസരത്തിൽ അതിനനുസൃതമായ ഭേദഗതി കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 44 A ഉപചട്ടം 1 നു ചുവടെയുള്ള Explanation I ൽ ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതമായിരുന്നെങ്കിൽ Explanation I ൽ സമാന്തരമായ ഭേദഗതി 2001 - ൽ തന്നെ വരുത്തുമായിരുന്നു. പക്ഷെ, 20 വർഷത്തിനിപ്പുറവും അതുണ്ടായിട്ടില്ല. കൂടാതെ, ഹൈസ്കൂൾ പ്രഥമാദ്ധ്യാപിക തസ്തികയിലേയ്ക്ക് ഭാഷാദ്ധ്യാപകർക്കു മാത്രമായി 2011-ൽ ഭേദഗതി ചെയ്ത് കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 44 A ഉപചട്ടം 1 ന്റെ ചുവടെ Explanation II ചേർത്ത വേളയിലും Explanation I ൽ ഭേദഗതി വരുത്തിയിട്ടില്ല. നേരേ മറിച്ച്, പ്രസ്തുത ഭേദഗതി വരുത്തിക്കൊണ്ടുള്ള GO(P) 85/2011/GEdn. Dt. 7.3.2011 published in Gazette Dt. 18.3.2011-ലെ EXPLANATORY NOTE (പ്രസക്തഭാഗം) ഇങ്ങനെയാണ്:-

"It has also so been decided that there shall be separate provisions for making High School assistant (Language) also eligible for promotion as headmasters of High Schools and also to make consequential amendments to the said rules. The eligibility conditions for promotion as Headmasters of High Schools are prescribed in rules 44 and 44 A (1) of chapter XIV A and rule 2 of chapter XXXI of the Kerala Education rules. Graduate service is defined in rule 44 A Chapter XIV A Kerala Education rules. A High School Assistant (Language) also should satisfy the condition of 12 years graduate service as in the case of High School assistant (core subjects). The Oriental titleholders working as High School Assistant( languages) can acquire graduation by private study also and therefore they should not get undue advantage over the High School Assistant(core subjects) in the matter of seniority for promotion as Headmasters of High Schools. The condition of 12 years graduate service is therefore insisted"

അതായത്, ഹൈസ്കൂൾ പ്രഥമാദ്ധ്യാപിക തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കാൻ ഭാഷാദ്ധ്യാപകർക്കും 12 വർഷത്തെ തുടർച്ചയായ ഗ്രാഡ്വേറ്റ് സർവ്വീസ് നിർബ്ബന്ധമാക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് അതിന് അനുസൃതമായ ഭേദഗതി കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 44 A ഉപചട്ടം 1 ന്റെ ചുവടെ Explanation II ആയി വരുത്തിയിട്ടുള്ളത്. ഈ ഭേദഗതി 2011-ൽ വരുത്തുമ്പോഴും Explanation I ൽ ഗ്രാഡ്വേറ്റ് സർവ്വീസ് എന്നുള്ളതിന്റെ നിർവ്വചനത്തിൽ മാറ്റം വരുത്തിയിട്ടില്ല. ഈ സാഹചര്യങ്ങൾ വ്യക്തമാക്കുന്നത് ഹൈസ്കൂൾ പ്രഥമാദ്ധ്യാപിക തസ്തികയ്ക്ക്

ഉപചട്ടം 1-ൽ നിഷ്കർഷിച്ചിട്ടുള്ള സർവ്വീസ് യോഗ്യത(service qualification)യും, ഗ്രാഡ്വേറ്റ് സർവ്വീസ് എന്നതിന് Explanation I ൽ നൽകപ്പെട്ടിട്ടുള്ളതായ വ്യവസ്ഥ/ നിർവ്വചനവും യാതൊരു ഭേദഗതിയും കൂടാതെ തുടരണമെന്ന നിലപാടാണ് നിയമനിർമ്മാതാക്കൾക്ക് ഉണ്ടായിരുന്നതെന്നാണ്.

മേല്പറഞ്ഞ വസ്തുതകൾ പരിഗണിക്കുമ്പോൾ, B.Ed നു തത്തുല്യമായ യോഗ്യതയുണ്ടെങ്കിൽ അതിനെ Collegiate training ആയി കണക്കാക്കാമെന്നും, പ്രസ്തുത തത്തുല്യ യോഗ്യത ആർജ്ജിച്ച ശേഷമുള്ള സേവനത്തെ "Graduate Service" ആയി കണക്കാക്കാമെന്നും ഉള്ള വാദം ചട്ടവിരുദ്ധമാണെന്ന കാര്യം നിസ്തർക്കം ബോദ്ധ്യപ്പെടുന്നതാണ്. അതുകൊണ്ട്, അത്തരം വാദങ്ങൾ അംഗീകാര യോഗ്യമല്ലാത്തതിനാൽ നിരസിക്കാവുന്നതാണ്. അക്കാദമിക അതോറിറ്റിയായ എസ്.സി.ഇ.ആർറ്റി - യും പൊതുവിദ്യാഭ്യാസ ഡയറക്ടറും ഇക്കാര്യം അറിയിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അധികാരമുണ്ടെന്ന് കേരള സർവ്വകലാശാലയും അറിയിച്ചിട്ടുണ്ട്.കൂടാതെ ബഹു. സുപ്രീം കോടതിയുടെ Civil Appeal No.4468/2013 (Shifana.P.S Vs.State of Kerala & Others) കേസിലെ 06/08/2024 ലെ വിധിന്യായത്തിലെ(LR-4) ഖണ്ഡിക 14 പ്രകാരം:-

.....Therefore,the equivalence of a qualification is not a matter that can be determined in the exercise of the power of Judicial review.Whether a particular qualification should or should not be regarded as equivalent is a matter for the State,as the recruiting authority,to determine.ഇതിൽ നിന്നും ഒരു തസ്തികക്കുള്ള യോഗ്യതക്ക് തുല്യമാണോ എന്ന് തീരുമാനിക്കുന്നത് നിയമനാധികാരിയായ സർക്കാർ ആണ് എന്നും കാണുന്നു.

സ്ഥാപന മേധാവികളായ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, ഹയർസെക്കന്ററി പ്രിൻസിപ്പൽ തസ്തികകൾക്ക് ബി.എഡോ ബി.എഡിനു തുല്യമായതോ എന്ന് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളിൽ ബിരുദത്തിന് തുല്യമല്ലാത്ത സാഹിത്യാചാര്യ കഴിഞ്ഞ് നേടുന്ന ആചാര്യ യോഗ്യത ഉൾപ്പെടുന്നില്ല എന്നും ആചാര്യ കോഴ്സ് കഴിഞ്ഞ് നേടുന്ന സേവനത്തെ അക്കാരണത്താൽ "Graduate Service" ആയി കണക്കാക്കാനാകില്ലാ എന്നും എന്നാൽ എച്ച്.എസ്.എ (ഹിന്ദി) തസ്തികയിൽ പകരം ട്രെയിനിംഗ് യോഗ്യതയായി (alternate qualification) ആചാര്യ യോഗ്യതയെ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ എച്ച്.എസ്.എ (ഹിന്ദി) നിയമനത്തിനും എച്ച്.എസ്.എസ്.റ്റി (ഹിന്ദി) ആയി നിയമിക്കപ്പെടുന്നതിന് ഹിന്ദി ഡിപ്ളോമ കോഴ്സ് പാസ്സായവരെയും പരിഗണിക്കാമെന്നതിനാൽ ആചാര്യ യോഗ്യത നേടിയവരെ കൂടി പരിഗണിക്കാവുന്നതാണെന്നും അറിയിക്കുന്നു. ശിക്ഷാസ്നാതകം സമാനമായി ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, ഹയർസെക്കന്ററി പ്രിൻസിപ്പൽ തസ്തികകൾക്ക് പരിഗണിക്കേണ്ടതില്ല.

നിലവിൽ ഹിന്ദി ബിരുദവും ബി.എഡ് (ഹിന്ദി) - യുമാണ് ഹിന്ദി അധ്യാപകരാവുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത. എന്നാൽ പരാമർശം (2) അനുസരിച്ച് കേരള ഹിന്ദി പ്രചാരസഭ നടത്തുന്ന "ആചാര്യ" അധ്യാപക പരിശീലന കോഴ്സിന് അപ്പർപ്രൈമറി/ ഹൈസ്കൂൾ തലത്തിൽ ഹിന്ദി അധ്യാപകരാവുന്നതിനുള്ള പകരം പരിശീലന യോഗ്യത (Alternate Training Qualification) ആയി അംഗീകരിച്ചിട്ടുണ്ട്. പരാമർശം (1) ലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത "ആചാര്യ" കോഴ്സിന്റെ അടിസ്ഥാന പ്രവേശന യോഗ്യത ഹയർ സെക്കന്ററിയും സാഹിത്യാചാര്യയുമാണ്. ഇവ യുണിവേഴ്സിറ്റി തലത്തിൽ നടത്തുന്നവയുമല്ല.

എന്നാൽ ബി.എഡ് നുള്ള അടിസ്ഥാന പ്രവേശന യോഗ്യത അതതു വിഷയങ്ങളിലെ ബിരുദമാണ്. സാഹിത്യാചാര്യ കഴിഞ്ഞ് നേരിട്ട് ബി.എഡിന് ചേരാനും കഴിയില്ല. അതുകൊണ്ട് തന്നെ സാഹിത്യാചാര്യാ, ആചാര്യ എന്നീ യോഗ്യതകൾ അപ്പർ പ്രൈമറി /ഹൈസ്കൂൾ തലങ്ങളിൽ ഹിന്ദി അധ്യാപക നിയമനത്തിന് മാത്രമുള്ളതാണ്. നിലവിൽ യൂണിവേഴ്സിറ്റി ബിരുദവും ബി.എഡു-മുള്ള എല്ലാ വിഷയ അധ്യാപകരുടെയും പൊതു സീനിയോറിറ്റി ലിസ്റ്റിൽ നിന്നാണ് ഹൈസ്കൂൾ പ്രഥമാധ്യാപകരുടെ നിയമനം നടത്തിവരുന്നത്. ആയതിനാൽ ബിരുദവും ബി.എഡും ഉള്ള ഭാഷാധ്യാപകർക്ക് ഇത്തരത്തിൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആകുന്നതിന് തടസമില്ല. ആയതിനാൽ നിലവിൽ ആചാര്യ, ശിക്ഷ സ്നാതക്, ഡിപ്ലോമ ഇൻ ലാംഗ്വേജ് എജ്യുക്കേഷൻ തുടങ്ങിയ യോഗ്യതകൾ നേടിയവരെ BEd യോഗ്യത നേടിയവരായി പരിഗണിക്കാൻ കഴിയില്ല. ആയതിനാൽ ശ്രീമതി രാജി സി പ്രഥമാധ്യാപക തസ്തികയ്ക്കുള്ള നിയമനത്തിന് പരിഗണനാർഹയല്ല എന്ന് അറിയിച്ചുകൊണ്ട് കൊല്ലം തലവൂർ ഡി.വി.എച്ച്.എസ്.എസ്.ലെ പ്രഥമാധ്യാപിക ശ്രീമതി രാജി സി. 25.10.2024 തീയതി സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി രാജി സി., പ്രഥമാധ്യാപിക, ഡി.വി.എച്ച്.എസ്.എസ്.,തലവൂർ,കൊല്ലം
മാനേജർ, ഡി.വി.എച്ച്.എസ്.എസ്.,തലവൂർ,കൊല്ലം
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/286/2025-G.EDN dated : 22/10/2025 )
വിവര പൊതുജന സമ്പർക്ക ( വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 27-04-2026 16:11:39